# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 14.04.2023 മുതൽ 18.04.2023 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി.-30/2023 | തീയ്യതി: 13/04/2023 |
|---|---|

### എ. പിന്നിട്ട നാലു ദിവസത്തെ കാലാവസ്ഥ


| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 36.5 – 37.0 | 27.6– 27.8 | 61.1 – 75.6 | 00 – 04 |


### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 14-04-2023 | 15-04-2023 | 16-04-2023 | 17-04-2023 | 18-04-2023 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0.5 | 0.2 |
| കൂടിയ താപനില, °C | 37 | 37 | 36 | 36 | 35 |
| കുറഞ്ഞ താപനില, °C | 28 | 28 | 27 | 27 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത, | 5 | 4 | 4 | 5 | 3 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 290 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 5 | 6 | 8 | 5 | 5 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട ശക്തികുറഞ്ഞ മഴ**** | | |
| | ഒറ്റപ്പെട്ട ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യതയുണ്ട്. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലയും ആകാശം ഭാഗികമായോ മുഴുവനായോ മേഘാവൃതമായിരിക്കും.<br>വായു ഈർപ്പം കുറഞ്ഞു വരണ്ടതായിരിക്കും. | | |
| **പൊതു നിർദ്ദേശങ്ങൾ** | ഒറ്റപ്പെട്ട ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യതയുണ്ട്.<br>മഴക്കുഴികളിൽ തൂർന്നു പോയവ വീണ്ടെടുക്കുക.<br>വിളകളുടെ തടത്തിൽ കരിയിലകൾ ഉപയോഗിച്ച് പുതയിടുക.<br>വൃക്ഷ വിളകൾക്ക് വളം ചേർത്തതിന് ശേഷം മുഴുവനായും മൂടാത്ത തടങ്ങൾ നല്ല ജലസംഭരണികൾ കൂടിയാണ്. പറമ്പിൽ ഒലിച്ചു പോകുന്ന വെള്ളം ചാലുകൾ എടുത്തു ഇതിലേക്ക് തിരിച്ചു വിടുന്നത് നന്നായിരിക്കും.<br>കൊപ്ര, കശുവണ്ടി, വിത്തുകൾ റബർ എന്നിവ വെയിലത്തിട്ടു വെയിലത്തിട്ടു ഉണക്കുമ്പോൾ ജാഗ്രത വേണം. നേന്ത്രൻ വാഴയ്ക്ക് താങ്ങുകൾ നൽകുക. | | |

<table>
<tr>
<td></td>
<td colspan="3">പകൽ സമയങ്ങളിൽ ഉഷ്ണം അധികരിക്കുന്നതിനാൽ രാവിലെ 11 മണിക്കും ഉച്ചയ്ക്കുശേഷം മൂന്നും മാണിക്കും ഇടയിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കുക. ഈ കാര്യം കന്നുകാലികൾക്കും ബാധകമാക്കുക. നിർജലീകരണം തടയാനായി പക്ഷികൾക്കും കന്നുകാലികൾക്കും പകൽ സമയം ധാരാളം വെള്ളം കുടിക്കാൻ നൽകുക. . പാർപ്പിക്കുന്നിടങ്ങളിൽ അവയുടെ ദേഹത്ത് ഇടയ്ക്കിടെ വെള്ളം തൂവുകയും വശങ്ങളിൽ നിന്ന് ഫാൻ ചലിപ്പിക്കുകയും ചെയ്യുക.<br><br>വരൾച്ചയെ പ്രതിരോധിക്കാൻ:-<br>1) ഈർപ്പ നഷ്ടം കുറക്കാനായ് മണ്ണിനു പുതയിടുക .കീട-രോഗ ബാധയില്ലാത്ത വിളകളുടെ അവശിഷ്ടങ്ങളോ പച്ചിലകളോ കരിയിലകളോ ഇതിനായി ഉപയോഗിക്കാം. തനതു വിളകളുടെ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നത് പുതയിൽ പ്രസ്തുത വിളയെ ബാധിക്കുന്ന കീട രോഗങ്ങളുടെ പ്രജനനം ഒഴിവാക്കാൻ സഹായകരമാകും .മേൽമണ്ണ് ഇളക്കി പൊടിച്ചു നിയതമായി പരത്തിയിടുന്നത് പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ് .ഇത് മണ്ണിലെ ഈർപ്പ നഷ്ടം തടയാൻ സഹായിക്കും.<br>2) സാധ്യമായിടങ്ങളിലൊക്കെ കണിക ജലസേചന രീതി അവലംബിക്കുക.<br>3) നനയില്ലാത്ത വിളകൾക്ക് രാസവളങ്ങൾ, കോഴിവളങ്ങൾ എന്നിവ മിതമായി മാത്രം പ്രയോഗിക്കുക.<br>4) വിളകളുടെ തടിയിൽ കുമ്മായം പൂശുക<br>5) സൽഫേറ്റ് ഓഫ് പൊട്ടാഷ് അഞ്ച് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പതിനഞ്ചു ദിവസ ഇടവേളകളിൽ ഇലകളിൽ തളിക്കുക<br>6) വിളകളുടെ തടത്തിൽ വെള്ളം ആഗിരണം ചെയ്തു നിലനിർത്താൻ ശേഷിയുള്ള മണ്ണിര കമ്പോസ്റ്റ്/ചകിരിച്ചോറ് കമ്പോസ്റ്റ് വിതറുക.<br>7) പ്രായം കുറഞ്ഞ വൃക്ഷ വിളകൾ, തൈകൾ എന്നിവയെ നേരിട്ടുള്ള സൂര്യ പ്രകാശത്തിൽ നിന്നും മടഞ്ഞ ഓലകളാൽ ആവരണം ചെയ്തു സംരക്ഷിക്കുക.</td>
</tr>
<tr>
<td>വിവിധ വിളകൾ</td>
<td>വിവിധ ഘട്ടം</td>
<td>നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ<br><br>നിലവിൽ അനുഭവപ്പെടുന്ന വരണ്ട കാലാവസ്ഥ മുഞ്ഞ, തുള്ളൻ, മണ്ടരി, ചാഴി, വെള്ളീച്ച, മീലിമൂട്ട മുതലായ നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ വർദ്ധിക്കാൻ അനുയോജ്യമായ കാലാവസ്ഥയാണ്. മിക്കവയും മൊസൈക് പോലുള്ള രോഗങ്ങൾ ഉണ്ടാക്കുന്ന വൈറസിനെ പരത്തുന്നവയാണ്</td>
<td>5 മില്ലി വേപ്പെണ്ണ 1 ലിറ്ററിന് 5 ഗ്രാം വീതം സോപ്പ് ലയിപ്പിച്ച ഇളം ചൂടുള്ള ലായനിയിൽ ചേർത്തിളക്കി തയ്യാറാക്കിയ കീടനാശിനി രണ്ടാഴ്ച ഇടവേളകളിൽ തളിക്കുക</td>
</tr>
</table>

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | വെള്ളീച്ച  | ചൂടേറിയ വരണ്ട കാലാവസ്ഥയിലാണ് നീരൂറ്റിക്കുടിക്കുന്ന ഇത്തരം കീടങ്ങൾ അധികരിക്കുന്നത്. ബാഷ്പീകരണ പ്രക്രിയ തുലോം കുറയാതിരിക്കുവാനും ഓലകളിലെ ഊഷ്മാവ് ക്രമമായിരിക്കുവാനും സഹായിച്ചാൽ പ്രാണികൾ ഓലകളിൽ ഒട്ടിപ്പിടിക്കാതിരിക്കും. ഇതിനായി തടത്തിൽ പുതയിട്ടു ജലസേചനം നടത്തുക. പ്രായം കുറഞ്ഞ തെങ്ങുകൾ ആണെങ്കിൽ കൃത്യമായ ഇടവേളകളിൽ ജലം ഇലകളിൽ തൂവുകയും ചെയ്യുക. |
| കുരുമുളക് | വിവിധ ഘട്ടങ്ങൾ | വരൾച്ച  | ഉണങ്ങിയ വാഴയില, മടഞ്ഞ ഓല തുടങ്ങിയവ കൊണ്ട് വെയിൽ കൊള്ളാത്ത വിധം വള്ളിയുടെ അടിവശം പൊതിയുക. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും ജലസേചനം നൽകുക. |
| മാവ് | കായ മൂപ്പെത്തുന്ന ഘട്ടം | കായീച്ച  | മൂപ്പെത്തിയ മാങ്ങകൾ പഴുക്കുന്നതിനു മുമ്പെ പറിച്ചെടുക്കുക. തിളക്കുന്ന വെള്ളവും തണുത്ത വെള്ളവും തുല്യ അളവിൽ യോജിപ്പിച്ച് ഒരു ലിറ്റർ വെള്ളത്തിന് ഒരു ടേബിൾ സ്പൂൺ എന്ന തോതിൽ കറിയുപ്പ് ലയിപ്പിക്കുക. പ്രസ്തുത ലായനിയിൽ മാങ്ങകൾ 2 മിനിട്ട് നേരത്തേക്ക് മുക്കിയെടുത്ത് വെള്ളം തോർത്തി കളഞ്ഞതിനു ശേഷം പഴുക്കാൻ വെക്കുക. |
| കോഴികളും വളർത്തു പക്ഷികളും | വിവിധ ഘട്ടം | വേനൽക്കാലപിരിമുറുക്കങ്ങളും രോഗങ്ങളും :  | അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ ഏൽക്കാത്ത വെള്ള പെയിന്റ് അടിച്ച മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക.ഫാൻ, ദേഹത്തു തണുത്ത വെള്ളം തൂവുക എന്നിവ അവലംബിക്കുക. കുടിക്കാനായി ഐസ്, ഗ്ലൂക്കോസ് , ഒരു ശതമാനം സോഡിയം ബൈ കാർബോണറ്റ് എന്നിവ ചേർത്ത വെള്ളം നൽകുക. ചൂട് കുറഞ്ഞ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ - സി എന്നിവ സമ്പുഷ്ടമാക്കിയ തീറ്റ നൽകുക. |
| മൃഗ സംരക്ഷണം | വിവിധ ഘട്ടം | അത്യോഷ്മാവ്  | തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട് ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ/കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽവൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും. |

| | | | |
|---|---|---|---|
| | | അന്തരീക്ഷ ഊഷ്മാവ് അധികമാവുമ്പോൾ കൂടുതലായി അനുഭവപ്പെടുന്ന ചൂട് പുറന്തള്ളാൻ കഴിയാതെ ശരീരത്തിൽ തന്നെ അവശേഷിക്കുന്നത് വഴി മൃഗങ്ങളുടെ ശരീരം<br><br>താപസമ്മർദ്ദം (heat stress)-ന് അടിപ്പെടുന്നു. പശുക്കളിൽ അമിത താപസമ്മർദ്ദം ഉണ്ടാകുമ്പോൾ ഉമിനീർ ധാരാളമായി പുറന്തള്ളും. പശുക്കളുടെ സ്വാഭാവിക ദഹന വ്യവസ്ഥയെ ബാധിക്കുകയും തുടർന്ന്. തീറ്റയെടുക്കൽ കുറയുക, പ്രത്യുല്പാദന വ്യവസ്ഥയെ ബാധിക്കുക, മദിചക്രത്തെയും ഗർഭ ധാരണത്തെയും ബാധിക്കുക, ഉൽപ്പാദനം കുറയുക, പാലിന്റെ, കൊഴുപ്പിന്റെ അളവ് കുറയുക എന്നിവയ്ക്ക് കാരണമായി തീരുകയും ചെയ്യും . | തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കാം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്.<br><br>ധാരാളം ശുദ്ധ ജലം എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീര ഭാരത്തിന്റെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാശം 80 ശതമാനത്തേക്കാൾ കൂടുതലാണെന്നതും മറക്കാതിരിക്കുക.<br><br>എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക.<br><br>പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക. |
| കന്നു-കാലികൾ | കറവപ്പശു | കൗ പോക്സ്<br> | ഇത് ഉഷ്ണകാലത്ത് പശുക്കളുടെ അകിടിനെ ബാധിക്കുന്ന ഒരു വൈറസ് രോഗമാണ്. തുടക്കത്തിൽ പരുക്കൾ രൂപപെടുകയും പിന്നീട് അവ പൊട്ടി മുറിവുകളായി മാറുകയും ചെയ്യും. വേദനകാരണം പശുക്കൾ കറവയോടു സഹകരികാതിരിക്കും. ബോറിക് ആസിഡ് പൊടി ഗ്ലിസറിനിലോ വെളിച്ചെണ്ണയിലോ ചാലിച്ച് മുറിവുകളിൽ പുരട്ടുക. തൊഴുത്തിലും പരിസരത്തിലും കന്നുകാലികൾക്കും സമ്പൂർണ ശുചിത്വം ഉറപ്പാക്കുക |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| താക്കീത് (ഉടൻ നടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾ ആവശ്യമില്ല) |
|---|---|---|---|

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി